# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 177 08.02.2016-ലെ മറുപടിയ്ക്ക്

## ഓൺലൈൻ വിപണി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഓൺലൈൻ വിപണിയിലൂടെ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നതും, സംസ്ഥാനത്തു നിന്ന് പുറത്തേക്ക് വിറ്റഴിക്കപ്പെടുന്നതുമായ പ്രധാന ഉല്പന്നങ്ങൾ സംബന്ധിച്ച് നികുതി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഫ്ളിപ്പ് കാർട്ട് ഉൾപ്പെടെ ഓൺലൈൻ വിപണനം നടത്തുന്ന ഏജൻസികളിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോ; | (എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് വിറ്റഴിക്കപ്പെടുന്നത് പ്രധാനമായും മൊബൈൽ ഫോൺ, വിവിധ ഇല്ക്ട്രോണിക് ഉൽപ്പന്നങ്ങൾ, ലെതർ ഐറ്റംസ്, cosmetics, watches, readymade തുണിത്തരങ്ങൾ, പുസ്തകങ്ങൾ എന്നിവയാണ്. കേരളത്തിൽ നിന്നും പുറത്തേക്കുള്ള ഓൺലൈൻ വ്യാപാരം അത്ര വ്യാപകമായിട്ടില്ല.<br><br>കേരളത്തിന് പുറത്തുനിന്നും പ്രവർത്തിക്കുന്ന ഫ്ലിപ്പ്കാർട്ട്, ആമസോൺ, സ്നാപ്പ്ഡീൽ എന്നീ പ്രമുഖ ഓൺലൈൻ സ്ഥാപനങ്ങൾ നടത്തുന്ന 'cash on Delivery' വ്യാപാരങ്ങൾ സംസ്ഥാനത്തിനകത്ത് വ്യാപാരം നടക്കുന്നതായി പരിഗണിച്ച് ഇത്തരം വ്യാപാര സ്ഥാപനങ്ങളിൽ വാണിജ്യ നികുതി വകുപ്പ് നികുതിയും പിഴയും ചുമത്തുവാനുള്ള നടപടികൾ സ്വീകരിച്ചു. ഇതിനെതിരെ ഇത്തരം ഓൺലൈൻ സ്ഥാപനങ്ങൾ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ആയതിൽ അവർക്ക് അനുകൂലമായി വിധിവരുകയും ഉണ്ടായി. ഇതിനെത്തുടർന്ന് അന്യ സംസ്ഥാനങ്ങളിൽ നിന്നും പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാൻ കഴിഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | ഓൺലൈൻ വിപണിയുമായി ബന്ധപ്പെട്ട നികുതി പിരിവിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | കേരളത്തിന് പുറത്തു നിന്നും പ്രവർത്തിക്കുന്ന ഫ്ലിപ്പ്കാർട്ട്, ആമസോൺ, സ്നാപ്പ്ഡീൽ എന്നീ പ്രമുഖ ഓൺലൈൻ സ്ഥാപനങ്ങൾ ഉപഭോക്താവിന്റെ പേരിൽ അന്തർ സംസ്ഥാന വിൽപ്പനയായി കാണിച്ചാണ് സാധനങ്ങൾ എത്തിക്കുന്നത്. ആയതിനാൽ ഇത്തരം വിൽപ്പനകൾക്ക് കേരളത്തിൽ നികുതി ലഭ്യമാകുകയില്ല. ഇവർ 'cash on Delivery' എന്ന system അനുസരിച്ചാണ് വ്യാപാരം നടത്തുന്നത്. ഓൺലൈൻ വ്യാപാരവുമായി ബന്ധപ്പെട്ട നികുതി നിരക്ക് ഏതു സംസ്ഥാനത്തു നിന്നാണോ വില്പന നടത്തുന്നത് ആ സംസ്ഥാനത്ത് ബാധകമായ നികുതി നിരക്കാണ് ഈടാക്കുന്നത്. |
| (സി) | സംസ്ഥാനത്തു നിന്ന് ഓൺലൈൻ വിപണിയിലൂടെ പുറത്തേക്ക് വിപണനം ചെയ്യപ്പെടുന്നവ പ്രധാനമായും എന്തൊക്കെയാണ്; വിശദമാക്കാമോ; | (സി) | കൈത്തറി തുണിത്തരങ്ങൾ , റെഡിമെയ്ഡ് തുണിത്തരങ്ങൾ , സ്വർണ്ണാഭരണങ്ങൾ, തുടങ്ങിയ സാധനങ്ങളാണ് കേരളത്തിൽ നിന്നും പ്രധാനമായും വിപണനം ചെയ്യുന്ന സാധനങ്ങൾ. ഇത്തരം ഓൺലൈൻ വ്യാപാര സ്ഥാപനങ്ങൾ കേരളത്തിൽ അധികം പ്രചാരം നേടിയിട്ടില്ല. |
| (ഡി) | ഓൺലൈൻ വിപണിയിലൂടെ കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും സംസ്ഥാനത്തിന് ലഭിച്ച നികുതി വരുമാനം വിശദമാക്കാമോ? | (ഡി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ഓൺലൈൻ വ്യാപാരം നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നും യാതൊരു നികുതിയും ലഭ്യമായിട്ടില്ല. മാത്രവുമല്ല കേരളത്തിൽ നിന്നും പുറത്തേക്കുള്ള ഓൺലൈൻ വ്യാപാരംവലിയ പ്രചാരം നേടിയിട്ടില്ല. ഇതിൽ നിന്നും ലഭിക്കുന്ന നികുതി സാധാരണ VAT നികുതി, CST നികുതി എന്നിവയാണ്. ഇതിന്റെ പ്രത്യേകമായ കണക്ക് ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**